ആർ.ബി.ഐ /2005-06/296

ഡി.ജി.ബി.എ.ജി.എ.ഡി. നമ്പർ എച്ച് 11303/45.01.003/2005-06      06, ഫെബ്രുവരി, 2006

പെൻഷൻ വിതരണം നടത്തുന്ന എല്ലാ ബാങ്കുകളും അറിയുവാൻ

(ലിസ്റ്റ് ഇതോടൊപ്പമുണ്ട്)

സർ,

**പൊതുമേഖലാ ബാങ്കുകൾ വഴിയായുള്ള പെൻഷൻ വിതരണം - ഡിയർനസ് റിലീഫ് (DR) നൽകുന്നതു സംബന്ധിച്ച്.**

സർക്കാർ കാലാകാലങ്ങളിൽ പ്രഖ്യാപിക്കുന്ന ക്ഷാമബത്ത/ മറ്റ് അലവൻസുകൾ വിതരണം ചെയ്യുന്നതിൽ ഏജൻസി ബാങ്കുകൾ വരുത്തുന്ന കാലതാമസത്തെപ്പറ്റി, റിസർവ് ബാങ്കിന് പെൻഷൻ കാരിൽ നിന്ന് നിരവധി പരാതികൾ ലഭിച്ചുകൊണ്ടിരിക്കുന്നു..

2. ഈ കാലവിളംബരം ഒഴിവാക്കുവാനായി, റിസർവ് ബാങ്കിന്റെ തുടർ നിർദ്ദേശങ്ങൾക്ക് കാക്കാതെ, ഗവൺമെന്റ് ഓർഡറിന്റെ പോസ്റ്റ്/ഫാക്സ്/ ഇ.മെയിൽ കോപ്പികളോ അല്ലെങ്കിൽ, ബന്ധപ്പെട്ട പെൻഷവിതരണ അധികാരികളുടെ വെബ്സൈറ്റുകളെയോ നേരിട്ടാശ്രയിച്ച് സത്വരനടപടികൾ സ്വീകരിക്കാമെന്ന് ഞങ്ങളുടെ സർക്കുലർനമ്പർ ഡി.ജി.ബി.എ. ജി.എ.ഡി നമ്പർ.എച്ച്-506/45.01.001/22-23 (തീയതി ഏപ്രിൽ 12, 2003), ഡി.ജി.ബി.എ ജി.എ.ഡി. എച്ച്-177/45.01.003/2004-05 (തീയതി സെപ്തംബർ: 8,2004) എന്നിവ മുഖാന്തിരം സൂചിപ്പിച്ചിട്ടുള്ളതാണ്.

3. ഇക്കാര്യത്തിൽ, ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ ഉടൻതന്നെ ലഭ്യമാക്കി അവയുടെ പകർപ്പുകൾ പെൻഷൻ വിതരണം ചെയ്യുന്ന എല്ലാ ശാഖകൾക്കും സത്വരനടപടിക്കായി ലഭ്യമാക്കുവാൻ യുക്തമായ സംവിധാനങ്ങൾ ഉടൻതന്നെ ഏർപ്പെടുത്തണമെന്ന് എല്ലാബാങ്കുകളോടും ഞങ്ങൾ ഒരിക്കൽ കൂടി അഭ്യർത്ഥിക്കുന്നു. സർക്കാർ പ്രഖ്യാപിക്കുന്ന ആനുകൂല്യങ്ങൾ, തൊട്ടടുത്ത മാസത്തെ പെൻഷനിൽ തന്നെ പെൻഷൻകാർക്ക് ലഭിക്കുന്നു എന്നുറപ്പാക്കുകയാണ് ഇതിന്റെ ഉദ്ദേശ്യം. സർക്കാർ പെൻഷൻ യഥാസമയത്ത് കൃത്യമായി വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികളും മേൽനോട്ടവും ഏജൻസി ബാങ്കുകളുടെ കൺട്രോളിംഗ് ഓഫീസുകളും ഹെഡ് ഓഫീസുകളും സ്വീകരിക്കേണ്ടതാണ്.

4. കേന്ദ്ര സിവിൽ സർവീസ്, റെയിൽവെ എന്നീവകുപ്പുകളിലെ പെൻഷൻകാരുടെ കാര്യത്തിൽ, അവരുടെ പെൻഷൻ ബുക്കിന്റെ ആമുഖ പേജിൽ കൊടുത്തിട്ടുള്ള A,B എന്നീ ഫോറങ്ങളിൽ നാമനിർദ്ദേശം ചെയ്യുന്നവരുടെ പേരുകൾ സാക്ഷ്യപ്പെടുത്തുവാൻ പെൻഷൻ നൽകുന്ന ബാങ്കുകൾ ശ്രദ്ധിക്കേണ്ടതാണ്. പൊതുമേഖലാ ബാങ്കുകളിലെ പെൻഷൻകാർക്ക് പെൻഷൻ വിതരണം ചെയ്യുന്നതു സംബന്ധിച്ചുള്ള വിവിധ വ്യവസ്ഥകളുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ കണിശമായിത്തന്നെ നടപ്പാക്കുവാൻ എല്ലാ ശാഖകളേയും ഉപദേശിക്കേണ്ടതാണ്.

5. ബാങ്കിലെ ഉദ്യോഗസ്ഥർക്ക് പെൻഷൻ വിതരണ പദ്ധതികൾ/ ചട്ടങ്ങൾ എന്നിവയെക്കുറിച്ച് വ്യക്തമായ ധാരണനൽകുന്നതിനായി, ബാങ്കുകൾ, ഇക്കാര്യം അവരുടെ

പരിശീലന സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന വിവിധ പരിശീലന പരിപാടികളിൽ, ഒരു അവശ്യഘടകമായി ഉൾപ്പെടുത്തേണ്ടതാണ്. ബാങ്ക് ജീവനക്കാരെയും ഓഫീസർമാരെയും വിലയിരുത്തുമ്പോൾ (അപ്രൈസൽ), പെൻഷൻ ചട്ടങ്ങളിലുള്ള അവരുടെ അവഗാഹത്തിന് അർഹമായ പ്രാധാന്യം നൽകേണ്ടതാണെന്നും നിർദ്ദേശിക്കുന്നു

6. ഇതുസംബന്ധിച്ച് താങ്കൾ സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് ഞങ്ങളെ അറിയിക്കുക.

വിശ്വസ്തതയോടെ,

(എം.ടി.വർഗീസ്)

ജനറൽ മാനേജർ